JANAYUGAM - 19-03-2025

# മത്സ്യമേഖലയിലെ സംരംഭകത്വ സാധ്യതകളുമായി സിഫ്റ്റ് സെമിനാർ

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രി ബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി "അക്വാബിസ് 2.0" ഏകദിന സൗജന്യ സംരംഭക സെമിനാർ സംഘടിപ്പിച്ചു.




നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു

പനമ്പിള്ളി നഗറിലെ ഹോട്ടൽ അവന്യൂ സെന്ററിൽ സംഘടിപ്പിച്ച സെമിനാർ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ ഉദ്ഘാടനം ചെയ്തു. അഗ്രി ഇന്നോവേറ്റ് ഇന്ത്യ, ഐസിഎആർ ഐപി ആന്റ് ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുടെ സഹകരണത്തോടെയായിരുന്നു സെമിനാർ. ഐസിഎആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതായിരുന്നു അക്വാബിസ് 2.0ന്റെ ലക്ഷ്യം.

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസന മന്ത്രാലയം മുൻ സെക്രട്ടറി ഡോ. തരുൺ ശ്രീധർ ഐഎഎസ് (റിട്ട. ) ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (എസ്ഇഎഐ) വൈസ് പ്രസിഡന്റ് അലക്സ് നൈനാൻ വിശിഷ്ടാതിഥിയായി.

ഐസിഎആർ സിഫ്റ്റിൽ നിന്നും പരിശീലനം ലഭിച്ച് സംരംഭകരായ സിവ ഇക്കോസിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും സിഇഒയുമായ നിഖിൽ ദേവ്, ഫിഷ്ഐയുടെ സീനിയർ സെയിൽസ് മാനേജർ മുഹമ്മദ് ഷെരീഫ് എന്നിവർ പങ്കെടുത്തു.